# സഞ്ജയന്റെ ആക്ഷേപഹാസ്യകവനങ്ങളിലെ ആഖ്യാനഘടന

നിമ്മി.കെ

എന്താണ് ഹാസ്യം എന്നും ഹാസ്യത്തെ സാധ്യമാക്കുന്നതെന്ത് എന്നിങ്ങനെയുള്ള ചോദ്യങ്ങൾക്ക് നിരവധി ഉത്തരങ്ങളും പാശ്ചാത്യവും പൌരസ്ത്യവുമായ നിരവധി സിദ്ധാന്തങ്ങളും ഉണ്ട്. പൂർണ്ണമായ ഒരു ഉത്തരം ഏറെക്കുറെ അസാധ്യമാണ് , അവയിലെല്ലാം സത്യത്തിന്റെ അംശങ്ങൾ ഉണ്ടെങ്കിലും. ഗദ്യത്തിലും പദ്യത്തിലും നിത്യജീവിതസംഭാഷണങ്ങളിലും ഈ പുതിയകാലത്ത് ട്രോളുകളായുമൊക്കെ ഹാസ്യം ആവിഷ്കരിക്കപ്പെടുന്നുണ്ട്.ഹാസ്യരചനകളിൽ പ്രത്യകിച്ചും ആക്ഷേപഹാസ്യരചനകളിൽ ആശയം അല്ലെങ്കിൽ വിഷയം അനിവാര്യമാണ്. ആ വിഷയം ഹാസ്യാത്മകമാകണമെന്ന് നിർബന്ധമില്ല. എന്നാൽ ഹാസ്യകാരൻ ആ വിഷയത്തെ ആവിഷ്കരിക്കുന്ന രീതിയിലാവും പലപ്പോഴും ഹാസ്യം പ്രവർത്തിക്കുന്നത്. വാക്കുകളുടെ തിരഞ്ഞെടുപ്പിൽ, ഭാഷാപ്രയോഗങ്ങളിൽ, ശൈലികളിൽ, അനുകരിക്കുന്ന ആഖ്യാനമാതൃകകളിൽ എന്നിങ്ങനെ നിരവധി തലങ്ങളിൽ ഹാസ്യം പ്രവർത്തിക്കുന്നു. ഈ ആഖ്യാനസവിശേഷതകളാണ് ഹാസ്യത്തെക്കുറിച്ച് പഠിക്കുന്നവർ ആധാരമാക്കുന്ന പാഠം. ആക്ഷേപഹാസ്യത്തെക്കുറിച്ച് പറയുമ്പോൾ റോബർട്ട് സി എലിയറ്റിന്റെ വാക്കുകൾ പ്രഭാത് കുമാർ ഉദ്ധരിക്കുന്നുണ്ട് : നിശ്ചിതവും ആഗോളതലത്തിൽ തന്നെ അംഗീകരിക്കുന്നതുമായ ഒരു നിർവചനം ആക്ഷേപഹാസ്യത്തിന് നൽകുകയും സാഹിത്യരചനകൾ അതിൽ ഉൾപ്പെടുന്നതെന്നും അല്ലെന്നും തരം തിരിക്കുകയും ചെയ്യുന്നതിനെ എതിർക്കുന്നു. അദ്ദേഹം അതിനു പകരമായി ആക്ഷേപഹാസ്യകൃതികളെ അപഗ്രഥിക്കുകയും കേസ് സ്റ്റഡിയിലൂടെ അന്വേഷണാത്മകമായി ആക്ഷേപഹാസ്യത്തെ മനസ്സിലാക്കാൻ ശ്രമിക്കുകയുമാണ് വേണ്ടത് എന്ന് അഭിപ്രായപ്പെടുന്നു.(2018:37,38)

മലയാളത്തിൽ ഹാസ്യത്തിന്റെ ലിഖിതപാരമ്പര്യം ആരംഭിക്കുന്നത് പദ്യരൂപങ്ങളിലാണ്. അറിയപ്പെട്ടിടത്തോളം പത്താം നൂറ്റാണ്ടിൽ ജീവിച്ചിരുന്നതായി കരുതപ്പെടുന്ന, ചേരമാൻ പെരുമാളുടെ ഉറ്റസുഹൃത്തായിരുന്ന തോലനാണ് ആദ്യഹാസ്യസാഹിത്യകാരൻ. പിന്നീടിങ്ങോട്ട് ചമ്പൂകാരന്മാരും കുഞ്ചൻ നമ്പ്യാരുമൊക്കെ ആ ശാഖയെ അതീവസമ്പന്നമാക്കി. ആ ശ്രേണിയിൽ ഒരു പ്രധാനസ്ഥാനം സഞ്ജയൻ എന്ന എം ആർ നായർക്കുമുണ്ട്. ലേഖനങ്ങളും കഥകളുമായി സമ്പന്നമായ അദ്ദേഹത്തിന്റെ ഹാസ്യരചനകളുടെ ലോകത്ത് എണ്ണത്തിൽ കുറവും ഗുണത്തിൽ ഏറെ മെച്ചമായ ഹാസ്യകവിതകളുമുണ്ട്.'ഹാസ്യാഞ്ജലി' എന്ന പേരിൽ അവ സമാഹരിക്കപ്പെട്ടിട്ടുണ്ട്. 'ഹാസ്യാഞ്ജലി' എന്ന പേരിൽത്തന്നെ ഹാസ്യത്തെക്കുറിച്ചുള്ള തന്റെ ചിന്തകളും ദർശനവും അവതരിപ്പിക്കുന്ന പതിമൂന്ന് കവിതകൾ കൂടാതെ സമകാലിക സാമൂഹികരാഷ്ട്രീയവിഷയങ്ങൾ ,അന്നത്തെ സാഹിത്യപ്രസ്ഥാനങ്ങൾ, സാഹിത്യകൃതികൾ തുടങ്ങിയവയെയൊക്കെ വിമർശനവിധേയമാക്കുന്ന കവിതകളും അക്കൂട്ടത്തിലുണ്ട്. അതോടൊപ്പം ഒരു നേർത്ത പുഞ്ചിരി വായനക്കാരന് നൽകുന്ന ഭാവകവിതകളുമുണ്ട്.ഇന്ത്യാചരിത്രത്തിൽ മാത്രമല്ല ലോകചരിത്രത്തിൽ നിർണ്ണായകമായ ഒരു കാലഘട്ടത്തിന്റെ അവസ്ഥാവിശേഷങ്ങളെയും ഹാസ്യാത്മകമായി ,സ്വകീയമായ നിലപാടുകളോടെ സംബോധന ചെയ്യാനും വിമർശിക്കുവാനും സഞ്ജയന്റെ

സാധിക്കുന്നുണ്ട്. സഞ്ജയന്റെ സരസമായ ലേഖനങ്ങളും കഥകളും നൽകുന്ന അദ്ദേഹത്തിന്റെ ആക്ഷപഹാസ്യകവിതകൾക്കും സാധിക്കുന്നുണ്ട്.

സഞ്ജയന്റെ ഹാസ്യകവിതകളുടെ അപഗ്രഥനത്തിലൂടെ അവയിലെ ആഖ്യാനഘടനയുടെ സവിശേഷതകൾ പരിശോധിക്കുകയാണിവിടെ. ഹാസ്യത്തെ സാധ്യമാക്കുന്ന ഏതേതു ഘടകങ്ങൾ അവയിൽ പ്രവൃത്തമായിരിക്കുന്നതെന്ന് വിശകലനം ചെയ്യുകയാണ്. ഫലിതം ഒരു മനോഭാവമല്ല പ്രതിപാദനരീതിയാണെന്ന് സഞ്ജയൻ തന്നെ സൂചിപ്പിക്കുന്നതിനെ ചൂണ്ടിക്കാട്ടി, സഞ്ജയൻ ശ്രദ്ധ വയ്ക്കുന്നത് വിഷയത്തിലല്ല , വിഷയത്തെ പ്രകാശിപ്പിക്കുന്ന രീതിയുടെ സവിശേഷതയിലാണെന്ന് കെ പി അപ്പൻ പറയുന്നുണ്ട്.(2015:62).വൈവിധ്യമുള്ള ആശയങ്ങൾക്കൊപ്പം ആഖ്യാനരീതികളും സഞ്ജയൻ മാറിമാറി പ്രയോഗിക്കുന്നുണ്ട്. മാറിക്കൊണ്ടിരിക്കുന്ന ഒരു കാലത്തിന്റെ കണ്ണാടിയാകാൻ സഞ്ജയന്റെ ഹാസ്യകവിതകൾക്ക് കഴിയുന്നത് വിഷയങ്ങളുടെ തിരഞ്ഞെടുപ്പുകൊണ്ട് മാത്രമല്ല ആവിഷ്കാരശൈലികൊണ്ടുകൂടിയാണ്. എഴുത്തിൽ എഴുത്തുകാരനെന്ന മനുഷ്യൻ പിൻവാങ്ങുകയും ആഖ്യാനകർമ്മം നിർവഹിക്കുവാൻ ആഖ്യാതാവെന്ന സാങ്കല്പികവകാതാവിനെ ഏല്പിക്കുകയാണെന്ന് പറയാം.(രാജേന്ദ്രൻ 2014:71). സഞ്ജയന്റെ ആക്ഷപഹാസ്യകവിതകളിൽ എം ആർ നായർ പിൻവാങ്ങി നിൽക്കുന്നിടത്ത് അതിസരസനായ സഞ്ജയൻ ആഖ്യാതാവാകുന്നു. സഞ്ജയന്റെ ഹാസ്യകവിതകൾ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ സഞ്ജയൻ എന്ന പേരിലും മറ്റു പ്രസിദ്ധീകരണങ്ങളിൽ പാറപ്പുറത്ത് സഞ്ജയൻ എന്നതിന്റെ പുരുക്കരൂപമായ പി എസ് എന്ന പേരിലുമാണ് അച്ചടിച്ചുവന്നത്.ആകാശത്തിനു കീഴിലെ ഏതു വിഷയത്തെക്കുറിച്ചും ആധികാരികമായി അഭിപ്രായം പറയുന്ന, നിലപാടെടുക്കുന്ന സഞ്ജയൻ എന്ന ആഖ്യാതാവ് ആ ആക്ഷേപഹാസ്യകവനങ്ങളിൽ ആഖ്യാതാവാകുമ്പോൾ ഭാവകവിതകളിൽ ദുഃഖങ്ങൾ നിറഞ്ഞ ജീവിതം നയിക്കുന്ന എം ആർ നായരെ നമുക്ക് കണ്ടെത്താനാവുന്നു. ഹാസ്യാഞ്ജലി എന്ന് പേരിൽ എഴുതിയ പതിമൂന്ന് കവിതകൾ ഈ വിഭാഗത്തിൽ പെടുന്നു. ടാഗോറിന്റെ ഗീതാഞ്ജലിയുടെ ആത്മാവുൾക്കൊണ്ടാണ് ഹാസ്യാഞ്ജലി എഴുതിയത്.ഗീതങ്ങൾ കൊണ്ടാണ് ടാഗോർ ഈശ്വരന് അർച്ചന ചെയ്യുന്നതെങ്കിൽ സഞ്ജയനത് ഹാസ്യം ആണ്. ഏറെ വൈകാരികതയോടെയാണ് ഹാസ്യത്തെക്കുറിച്ച് അദ്ദേഹം എഴുതുന്നത്.

കരകാണാക്കണ്ണീർക്കരിങ്കടലി

ലൊരു ചിരിത്തോണിയിറക്കുവാനായ്

അമരത്തെൻ തമ്പുരാൻ വാഴവോള-

മടിയനു പേടി തരിമ്പുമില്ല 4. (സഞ്ജയൻ 806)

വൈയക്തികമായ ഭാവങ്ങൾക്ക് പ്രാധാന്യമേറിയ മറ്റു കവിതകളുമുണ്ട്.

ഒരു കറയറ്റ ചിരിയല്ലാതൊന്നും

തരുവതിന്നു ഞാനശക്തനെന്നു നീ

അറിയുന്നീലയോ, നിഖിലദാതാവേ?

മറവിയോ ബോധസ്വരൂപനായോവേ? (സഞ്ജയൻ 796)

എന്നിങ്ങനെ ഏറെ കാതരമായ ഭാവത്തോടെ ഈ കവിതകളിൽ എം ആർ നായർ എന്ന മനുഷ്യൻ പ്രത്യക്ഷനാകുന്നുണ്ട്.പുഴവക്കിൽ, എന്തു വന്നാലും,പ്രസാദാത്മകന്റെ പ്രഭാതം എന്നിവയൊക്കെ ഈ ഭാവം പങ്കുവയ്ക്കുന്ന കവിതകളാണ്. എന്നാൽ പ്രഹരശേഷിയുള്ള കടുഹാസ്യവുമായി സഞ്ജയൻ എന്ന ആഖ്യാതാവ് പ്രത്യക്ഷപ്പെടുന്ന കവിതകൾ ഈ ഭാവകവിതകളുടെ നേരെ എതിർചേരിയിലാണ് നിൽക്കുന്നത്. ഊർജ്ജസ്വലതയാണ് ഇവിടെ ആഖ്യാനത്തിന്റെ സവിശേഷത. മഹാഭാരതത്തിലെ സഞ്ജയനെ ഓർമ്മിപ്പിക്കുമാറ് എല്ലാം കാണുന്ന, എല്ലാം അറിയുന്ന, അവ അന്ധരായവർക്ക് കാണാനാകുംപടി വിവരിച്ചു നൽ

ഖ്യാതാവാണ് ഈ സഞ്ജയന്റെ ആക്ഷേപഹാസ്യകവിതകളിൽ. ’ എന്ന കവിതയിൽ തന്നെ തന്നെ കഥാപാത്രമാക്കിക്കൊണ്ട് വായനക്കാരനെ അഭിസംബോധന ചെയ്തുകൊണ്ട്

മായമല്ലിപ്പറവതെൻ തോഴരേ,

കായകല്പം തടങ്ങുവാൻ പോണു ഞാൻ !

എന്തിനെന്നോ ?– വയസ്സു നമുക്കൊരു

പന്തിരണ്ടാ - യെഴുപതിലപ്പുറം!( സഞ്ജയൻ 824 )

ജനദ്രോഹികളായവർ കായകല്പചികിത്സയെടുത്ത് ആയുസ്സ് കൂട്ടിയാൽ ലോകത്തിനുണ്ടാകുന്ന വിപത്താണ് സഞ്ജയനെ ആധിപിടിപ്പിക്കുന്നത് . എം ആർ നായറിൽ നിന്നും വ്യത്യസ്തനായ ഒരാളെ ഈ കവിതകളിൽ വായനക്കാരന് അനുഭവിപ്പിക്കാൻ കഴിയുന്നു.

നാടകീയസ്വഗതാഖ്യാനം, പരസ്പരഭാഷണം, കഥാകഥനം, ആഹ്വാനം ചെയ്യൽ , മധ്യമപുരുഷാഖ്യാനരൂപത്തിൽ മറ്റൊന്നിനെ അഭിസംബോധന ചെയ്ത് എന്നിങ്ങനെ വിഷയാനുസൃതമായി ആഖ്യാനരീതികൾ തിരഞ്ഞെടുക്കുന്നതിൽ കൂടിയാണ് സഞ്ജയന്റെ ആക്ഷേപഹാസ്യകവിതകളുടെ മൂർച്ചയും രസികത്തവും ഇരിക്കുന്നത്. ‘പുരോഗതി കി ജേ’ എന്ന കവിതയിൽ ആഹ്വാനസ്വഭാവമാണ്.

മാറിനില്പിൻ മാറിനില്പിൻ പുരോഗതി തടയുവാ–

നാരുമാരുമൊരുങ്ങല്ലേ, പഴഞ്ചന്മാരേ! (സഞ്ജയൻ 821)

എന്ന വിരുദ്ധപ്രസ്താവനയോടെയാണ് തുടക്കം. പഴയതെല്ലാം മോശമാണെന്ന മനോഭാവമുള്ള പുത്തൻ കൂറ്റുകാരെയാണ് ഇതിൽ വിമർശിക്കുന്നത്. നമ്മുടെ മലമ്പ്രദേശങ്ങളിലെ കാട് വെട്ടിത്തെളിച്ച് തേയിലത്തോട്ടങ്ങളാക്കിയ സായ്പ്പിന്റെ ലാഭക്കൊതിയെ കണ്ട് കളിയാക്കുന്ന ‘ചായ കുടിക്കുവിൻ’ എന്ന കവിത ആഹ്വാനരൂപത്തിലാണ്. ഒരു കലക്ടർ ഉപദേശിക്കുകയാണ്. എല്ലാവരും ചായ കുടിക്കണമെന്നും അത് മദ്യാസക്തിയെ ഇല്ലാതാക്കുമെന്നുമാണ് കലക്ടറുടെ ഉപദേശം. അയിത്തജാതിക്കാരുടെ ക്ഷേത്രപ്രവേശനത്തെ വൈകിപ്പിക്കാതിരിക്കാൻ സി രാജഗോപാലാചാരിക്കുള്ള തുറന്ന കത്തിന്റെ രൂപമാണ് ‘രാജാജിക്ക് ഒരു പ്രത്യക്ഷപത്രം’ എന്ന കവിത. ‘മാമൂൽപ്പെരുച്ചാഴിക്കൂട്ട’ത്തിന്റെ കോപത്തെ പേടിക്കാതെ മുന്നോട്ടുപോകണമെന്നാണ് ഇവിടെ സഞ്ജയന്റെ അപേക്ഷ.നാടകീയ സംഭാഷണങ്ങളാണ് വേറെ ചില കവിതകൾ. ‘യുവകവിയും കവിതയും’ എന്ന കവിതയിൽ

യുവകവി:

തങ്കമേ , തെല്ലിട കൊഞ്ചി മന്മാനസാ–

തങ്കമൊട്ടാറ്റുകെന്നോമലാളേ!

കവിത:

കില്ലില്ലെൻ കൊഞ്ചലെക്കാളുമിന്നങ്ങേയ്ക്കു

നെല്ലിക്കാവെള്ളമാണത്യാവശ്യം

തൻ കണ്ണു കെട്ടി നീ മിസ്റ്റിക്കു രീതിയി–

ലെൻ കഴൽ തപ്പുവാൻ കോപ്പിട്ടില്ലേ?എന്ന് മിസ്റ്റിക് കവിതാരീതിക്കാരോടും, പുരോഗമനസാഹിത്യപ്രസ്ഥാനക്കാരെ ലക്ഷ്യമാക്കി :

ഞാനെന്ന

സ ?

നിന്നുടെ പട്ടിണിപ്പാടിനു ഹേതുവാ-

യെന്നെ നീ മണ്ടൂസേ ചൂണ്ടിയില്ലേ ?

എന്നൊക്കയാണ് കവിത യുവകവിയോട് പറയുന്നത്. സാഹിത്യപരമായ സറ്റയറിൽപെടുന്ന കവിതയാണിത്. 'ഗ്രാന്റ്' എന്ന കവിത ഒരു താരാട്ടാണ്.പഴയകാലത്തെ അധ്യാപകരുടെ ദയനീയമായ അവസ്ഥയും മാനേജർമാരിൽ നിന്നും മറ്റും അവർ അനുഭവിക്കുന്ന ചൂഷണങ്ങളെയുമാണ് ഈ കവിതയിൽ വിഷയമാക്കിയിരിക്കുന്ത്. ഈ കവിതയിൽ ഗ്രാന്റിനെയാണ് അഭിസംബോധന ചെയ്യുന്നത്

ഗ്രാന്റേ നീ വേഗമുറങ്ങാ-നൊരു

ബാന്റുസംഗീതം തുടങ്ങാം.

കൺമണി, നീയുറങ്ങെന്റെ – പൊന്നു

പെൺമണിത്തയ്യലേ ഗ്രാന്റേ! (സഞ്ജയൻ 786)

തിണ്ണെന്നു മാനേജർ കൈയിൽ,പ്പുതു-

വെണ്ണപോൽ കാളീടും തീയിൽ,

ചേരുന്നുരുകി നീ;പിന്നെ – സ്കൂളി-

ലാരുണ്ടു കാണുന്നു നിന്നെ? (സഞ്ജയൻ 787)

ഇതരകവിതകളുടെ ആഖ്യാനമാതൃകകൾ സ്വീകരിക്കുമ്പോഴും അവ വിഷയത്തോട് ചേർന്നു നില്ക്കുവാനും അതുവഴി ഹാസ്യത്തെ ഉജ്ജ്വലിപ്പിക്കുന്നതിനും ആഴം നൽകുന്നതിനും സഞ്ജയനു കഴിയുന്നുണ്ട്. സഞ്ജയന്റെ ഹാസ്യവിഡംബനകവിത(പാരഡി)കളും പ്രസ്ഥാനാനുകരണകവിത(ബർലസ്ക്)കളും കേവലം ആ സാഹിത്യകൃതിയെയോ സാഹിത്യപ്രസ്ഥാനത്തെയോ ലക്ഷ്യം വയ്ക്കുന്നവയല്ല അവ താൻ നടത്തുന്ന രാഷ്ട്രീയമോ സാമുദായികമോ സാഹിത്യപരമോ ഒക്കെയായ വിമർശനങ്ങൾക്കുള്ള മാധ്യമങ്ങൾ മാത്രമാണ്. വിഷയത്തിന് ഏറ്റവും അനുയോജ്യമായത് എന്നതാണ് ആഖ്യാനമാതൃകകൾ തിരഞ്ഞെടുക്കുമ്പോൾ സഞ്ജയൻ സ്വീകരിക്കുന്ന മാനദണ്ഡം. 'ലാത്തിഗീതി'യിൽ തിരുവിതാംകൂറിൽ നടന്ന പോലിസുകാരുടെ അതിക്രമമായ ലാത്തിപ്രയോഗത്തെ വിമർശിക്കുവാൻ ദേശീയഗാനത്തിന്റെ മാതൃക സ്വീകരിക്കുമ്പോൾ ഭരണകൂടത്തിന്റെ മർദ്ദനോപകരണമായി പോലിസ് മാറുരുതെന്ന ശക്തമായ താക്കീതാകുന്ന കവിത സ്റ്റേറ്റിന് ജനങ്ങളോടുള്ള ഭരണഘടനാപരമായ ഉത്തരവാദിത്തത്തെ കൃത്യമായി ഓർമ്മിപ്പിക്കുവാനും കഴിയുന്നുണ്ട്.

ജനഗണ തല അടിനായക ജയഹേ!

വഞ്ചിതവഞ്ചി വിധാതാ! (സഞ്ജയൻ 829 )

പ്രതിജ്ഞ ചെയ്തതിൻപ്രകാരം ലണ്ടൻ നഗരത്തിൽ പ്രവേശിക്കാതിരുന്ന ഹിറ്റ്ലറെ കളിയാക്കാൻ ആണ്ടിപണ്ടാരം എന്ന മട്ടിനെ അനുകരിച്ചുണ്ടായ ആട്ടേ കുട്ടേട്ടാ എന്ന വിനോദഗാനത്തിന്റെ മട്ട് സ്വീകരിക്കുമ്പോൾ വെറുപ്പിന്റെ പ്രത്യയശാസ്ത്രം പരത്തുന്ന ഫാസിസ്റ്റ് ശക്തിയെ കളിയാക്കിവിടാൻ ശരിക്കും സാധിക്കുന്നുണ്ട്. ഭഗവദ്ഗീതയുടെ മാതൃകയിലാണ് ഏമറിഗീത എഴുതിയത്.ഇന്ത്യസെക്രട്ടറിയായിരുന്ന മി.ഏമറി ബി ബി സി വഴി അമേരിക്കയിലെ ചില ശിഷ്യന്മാർക്ക് സന്ദേഹനിവൃത്തി വരുത്താൻ നല്കിയ

. ‘ആധ്യാത്മികഭൗതികചിന്താക്കുഴപ്പമസാല’ എന്നാണ് ഈ ഗീതയ്ക്ക

ശിഷ്യ ഉവാച:

ഡിമോക്രസിക്ക ലോകത്തിൽ മൂത്തകോമരമാം ഭവാൻ

സ്വേച്ഛപോലല്ലയോ രാജ്യം ഭരിച്ചീടുന്നതിന്ത്യയിൽ ?

ഇതിന് ഏമറിഭഗവാന്റെ ഉത്തരങ്ങൾ ഇന്ത്യൻ ആധ്യാത്മികജ്ഞാനപാരമ്പര്യത്തിലൂന്നിയാണ്.

ശിഷ്യ! ലോകത്തിലിക്കാണം ഭിന്നരാജ്യങ്ങളൊക്കവേ

അവാസ്തവത്തിൽ ദൃഷ്ടാന്തമെന്നോരുമറിവുള്ളവൻ

ബ്രിട്ടീഷെമ്പയറെന്നൊന്നു സത്യമാ-ണന്യമൊക്കെയും

മിഥ്യയാ,ണിതു ലോകത്തിലാദ്യതത്ത്വമനശ്വരം (സഞ്ജയൻ 852)

ഈ വൈരുദ്ധ്യത്തെ ആക്ഷേപഹാസ്യാത്മകമായി ആഖ്യാനം ചെയ്യാൻ ഭഗവദ്ഗീതയുടെ ആധ്യാത്മിജ്ഞാനസിദ്ധാന്തം മാതൃകയാക്കുന്നതിലാണ് സഞ്ജയന്റെ ജീനിയസ് . പടക്കളത്തിൽ ധർമ്മത്തിനായുള്ള ഹിംസ തെറ്റല്ലെന്ന് ഉപദേശിക്കുന്ന ശ്രീകൃഷ്ണഭഗവാനായി മി.ഏമറി, അധിനിവേശത്തിലൂടെ സാമ്രാജ്യത്വം സ്ഥാപിക്കൽ തങ്ങളുടെ കർമ്മമാണെന്നും ഇതരരാജ്യങ്ങളെ ചൂഷണം ചെയ്ത് ഭരിക്കുക കടമയാണെന്നും അമേരിക്കയിലെ പുതുതലമുറയെ അർജ്ജുനനെയെന്നപോലെ ഉപദേശിക്കുന്നു. ഏറ്റവും ഉചിതമായ ആഖ്യാനമാതൃക തന്നെയാണ് സഞ്ജയൻ തിരഞ്ഞെടുത്തിരിക്കുന്നത്. ‘ഹരിയോ ഹരി അഥവാ കോൺഗ്രസ്സിനോട്’ എന്ന കവിതയിൽ കോൺഗ്രസ്സിൽ അക്കാലത്തുണ്ടായ പിളർപ്പ് തന്നെയാണ് വിഷയം. പിളർന്നുകൊണ്ടിരിക്കുന്ന രാഷ്ട്രീയപാർട്ടികളെ കളിയാക്കാൻ അദ്വൈതസിദ്ധാന്തത്തിന്റെ ആവിഷ്കാരമായ ‘ഹരിനാമകീർത്തന’ത്തിന്റെ മാതൃകയാണ് സ്വീകരിച്ചിരിക്കുന്നത്.

ഒന്നായ നിന്നെയിഹ രണ്ടെന്നു കണ്ടളവി-

ലുണ്ടായൊരിണ്ടൽ, ബത! മിണ്ടാവതല്ല മമ

പണ്ടെക്കണക്ക് വരുമെന്നാലുമിന്നതിനു

രണ്ടുണ്ടു പക്ഷമിഹ നാരായണായ നമഃ (സഞ്ജയൻ 833)

ഇങ്ങനെ ആഖ്യാനവൈവിധ്യങ്ങളിൽ ചേർച്ചയും ഔചിത്യവും പുലർത്താൻ കഴിയുന്നതാണ് സഞ്ജയന്റെ ആക്ഷേപഹാസ്യകവിതകൾക്കുള്ള മേന്മ .ആധ്യാത്മികതയും ഭൌതികതയും ചേരേണ്ട പാകത്തിൽ ചേരുന്നു. ഭൌതികജീവിതത്തിലെ പരിഹാസ്യതകളെ വിമർശിക്കാൻ ആധ്യാത്മികപാഠങ്ങൾ ക്കുള്ളിൽ അവയെ കൊണ്ടുനിർത്തുമ്പോൾ അവ തികച്ചും ഭാരതീയമായ ഒരു ആഖ്യാനമേഖലയായി വികസിക്കുന്നുണ്ട്. തികച്ചും നാടോടിയായ ആഖ്യാനരീതികളും സഞ്ജയൻ ധാരാളമായി സ്വീകരിക്കുന്നുണ്ട്. വടക്കൻപാട്ടിന്റെ മട്ടിലാണ് ‘കള്ളുനമ്പ്യാരുടെ പുറപ്പാട്’ ‘എക്കണത്തമ്മാമന്റെ പടപ്പുറപ്പാട്’ എന്നീ കവിതകൾ. മദ്യനിരോധനത്തിനെതിരെ ചങ്ങലംപരണ്ടയിൽ ഒരു സമരം സംഘടിപ്പിക്കാൻ പുറപ്പെടുന്ന കൊളുകേറ്റേടത്തിലെ കള്ളുനമ്പ്യാർ നടത്തുന്ന ഒരുക്കങ്ങൾ വടക്കൻപാട്ട് മട്ടിൽ രസകരമായി വിവരിക്കുന്നതിനിടയിൽ മദ്യാസക്തിയുടെ അപഹാസ്യതയെ വിസ്തരിച്ച് പ്രതിപാദിക്കാൻ സാധിക്കുന്നു. ഇന്ദുലേഖ നോവലിനെ വിമർശിച്ച എക്കണത്തുണ്ണിയെ പരിഹസിക്കുകയാണ് എക്കണത്തമ്മാമന്റെ പടപ്പുറപ്പാടിൽ. ‘കൂർമ്മവന്ദന’ത്തിൽ മദ്രാസ് ഗവണ്മെന്റിന്റെ ഭൂരിപക്ഷാവലംബമില്ലാത്ത പ്രധാനമന്ത്രിയായ

വിമർശിക്കുവാൻ മഹാകവി വള്ളത്തോളിന്റെ 'മാതൃവന്ദനം' എന്ന ...ുന്നത്.ജനാധിപത്യമര്യാദകൾ പാലിക്കാത്ത ഭരണാധികാരിയെ വ്യാജസ്തുതിയിലൂടെ വിമർശിക്കാൻ ഈ കവിതയുടെ ഘടന സഹായകമാകുന്നു.ഇത്തരത്തിൽ ആശയത്തിനനുസൃതമായ ആഖ്യാനഘടന തിരഞ്ഞെടുക്കുന്നതിലൂടെ ഹാസ്യത്തിന്റെ മൂർച്ച കൂട്ടാൻ മാത്രമല്ല വിമർശനത്തിന്റെ ആഴം കൂട്ടാനും നിശിതമാക്കാനും സഞ്ജയന് കഴിയുന്നു.

ഹാസ്യവിഷയം ഏതുമാകാം പക്ഷേ അവതരണത്തിന്റെ ഹാസ്യാത്മകത്വത്തിന് താഴെത്തട്ടിൽ ഉൾപ്പെടുത്തപ്പെട്ടവയും സുന്ദരമല്ലെന്ന് ഗണിക്കപ്പെടുന്നവയുമായ അനുഭവങ്ങളും വസ്തുക്കളും പരിഹാസ്യമായി ഉപയോഗിക്കപ്പെടാറുണ്ട്. അരിസ്റ്റോട്ടിലിനെപ്പോലുള്ള ആദ്യകാലചിന്തകർ ഹാസ്യത്തിന് നല്കിയ സ്ഥാനവും താഴേക്കിടയിൽ ആയിരുന്നല്ലോ. ഈ സമ്പ്രദായം തോലന്റെ ഛായാശ്ലോകങ്ങൾ മുതൽ ഉണ്ട്. നായകൻ ചൊല്ലുന്ന ശ്ലോകങ്ങൾക്ക് വിദൂഷകൻ പറയുന്ന പ്രതിശ്ലോകങ്ങൾ ഇത്തരമൊരു പാറ്റേൺ കാണിക്കുന്നുണ്ട്. വരേണ്യതയുടെ പിന്നാമ്പുറങ്ങളിലാണ് ഹാസ്യത്തിന്റെ അനുഭവലോകം.

നായകശ്ലോകം – ചന്ദനലതാഗൃഹമിദം

സ ചന്ദ്രമണിശിലമപി പ്രിയം ന മമ

ചന്ദ്രാനനയാ രഹിതം

ചന്ദ്രികയാ മുഖമിവ നിശായാഃ (നാഗാനന്ദം)

പ്രതിശ്ലോകം: – ഉരൽ തിങ്ങുമുരപ്പുരതാ-

നരലാലേ ഭൂഷിതമപിപ്രിയം ന മമ

കുരളച്ചക്കീരഹിതം

കറി കൂടാത്തോരു ഭോജനം പോലെ

ആജ്യം കൂടാത്ത ഭോജ്യം തെളുതെളെ വിലസും

പഞ്ചസാരാവിഹീനം

ത്യാജ്യം പാല്ക്കഞ്ഞിപോലും ഗുളരസരഹിതം

മോദകം മോദഹീനം

കൊട്ടത്തേങ്ങാവിഹീനം പൃഥുകമപി സുഖം

തദ്വദസ്മാകമോർത്താ-

ലൊട്ടും നന്നല്ല ചക്യാവിരഹിതമുരലിൻ

മന്ദിരം നിന്ദനീയം (ഉദ്ധരിച്ചത്, നിത്യ പി വിശ്വം 132,133)

നായകശ്ലോകത്തിലേതും പ്രതിശ്ലോകത്തിലെയും വർണ്യാവർണ്യവസ്തുക്കൾക്കിടയിൽ മേൽത്തട്ട്/കീഴ്ത്തട്ട് എന്ന ദ്വന്ദ്വം കാണാം. ഈ രീതി തുടർന്നുപോകുന്നുണ്ട്. ഇരുപതാം നൂറ്റാണ്ടിൽ മലയാളത്തിൽ എഴുതപ്പെട്ട സി വി യുടെയും മറ്റും പ്രഹസനങ്ങൾ ശ്രദ്ധിച്ചാൽ കാണാം. ദാതൃൂഹസന്ദേശം,ദുസ്പർ

,കാകസന്ദേശം തുടങ്ങിയ ഹാസ്യാവിഷ്കാരങ്ങളിൽ ഈ തരംതാഴ്ത്തൽ ...ന്ന ടൂൾ ആകുന്നുണ്ട്.സഞ്ജയന്റെ ഹാസ്യാവിഷ്കാരങ്ങളിലും ഇത്തരമൊരു പാറ്റേൺ കാണാം. 'ഓമനത്തിങ്കൾക്കിടാവേ' എന്ന പ്രശസ്തതാരാട്ടിന് സഞ്ജയൻ പാരഡി എഴുതുന്നുണ്ട് 'മറ്റൊരു താരാട്ട്' എന്ന പേരിൽ. ഭരണവ്യവസ്ഥക്കിടാവിനെയാണ് ഇവിടെ താരാട്ട് പാടി ഉറക്കുന്നത്. ലോകത്തിലെ ഏറ്റവും സൌന്ദര്യാത്മകമായ വസ്തുക്കൾക്കൊണ്ട് ഇരയിമ്മൻ തമ്പി വാത്സല്യഭാവത്തോടെ കുഞ്ഞിനെ വർണ്ണിക്കുമ്പോൾ വിമർശനവും ഹാസ്യവും ലക്ഷ്യം വയ്ക്കുന്ന ഈ താരാട്ടിൽ ആ ഓരോ വസ്തുവിനും പകരം വയ്ക്കുന്നത് ആ വസ്തുക്കൾക്ക് നേർ വിപരീതമെന്ന് ലോകം കണക്കാക്കുന്ന വസ്തുക്കളാണ്.

ഓമനപ്പന്നിക്കിടാവോ – നല്ല

കോമളക്കൊട്ടതൻ പൂവോ?

പാതിരക്കുരിരുൾക്കുത്തോ – ചേറിൽ -

പ്പാതിമറഞ്ഞുള്ള പോത്തോ? (സഞ്ജയൻ 801)

പിന്നീട് അടുക്കളയും ഭക്ഷണസാധനങ്ങളും ഉപമാനങ്ങളായി വരുന്നുണ്ട്.

ഓട്ടുപുരയിലെത്തെരോ? – സന്ധ്യ-

യ്ക്കുട്ടുപുരയിലെ മോരോ? (സഞ്ജയൻ 802)

അടുക്കളയും അടുക്കളക്കാരികളും ഹാസ്യവിഷയം മാത്രമല്ല ഹാസ്യാവതരണത്തിനുള്ള ടൂളുകളായും മാറുന്നത് തോലന്റെ ശ്ലോകങ്ങൾ മുതൽ പിൽക്കാലഹാസ്യകൃതികളിലും കാണാനാവും. ഛായാശ്ലോകങ്ങളിൽ ചക്കി എന്ന ദാസി പരിഹസിക്കപ്പെടുമ്പോലെ സഞ്ജയന്റെ കൃതികളിൽ ആവർത്തിച്ച് പരിഹസിക്കപ്പെടുന്നുണ്ട് ഭർത്തൃമതിയായ സ്ത്രീകൾ. മറ്റൊരു ദ്വന്ദം അവിടെ സൃഷ്ടിക്കപ്പെടുന്നത് ലോകകാര്യങ്ങളിൽ അറിവുള്ള ഭർത്താവും വീട്ടുകാര്യങ്ങൾ മാത്രം പറയാൻ അറിയുന്ന ഭാര്യയുമാണ്. ഭാര്യയുടെ വിഡ്ഢിത്തവും അവളുടെ ആഭരണപ്രിയവുമൊക്കയാണ് ഈ കവിതകളിൽ പരിഹസിക്കപ്പെടുന്നത്. അവളുടെ ശങ്ക, ചെയ്യിൽ കുടുങ്ങിയ സത്യാഗ്രഹം, കിടപ്പറയിലെ കശപിശ എന്നിവയൊക്കെ ഭാര്യയും ഭർത്താവും തമ്മിലുള്ള സംഭാഷണമാണ്.'കിടപ്പറയിലെ കശപിശ'യിൽ ജർമ്മനി റഷ്യയോടേറ്റ സംഭവം പറയാൻ വരുന്ന ഭർത്താവിനോട് തെക്കേതിൽ കണ്ടുണ്ണിനായരും ഭാര്യയും തമ്മിലുള്ള പ്രശ്നമാണ് ഭാര്യയുടെ വിഷയം. 'അവളുടെ ശങ്ക'യിൽ ഭരണം മാറിയതും ഇടക്കാല മന്ത്രിസഭ വീണതും പറയുന്ന ഭർത്താവിനോട് ഭാര്യ ചോദിക്കുന്നതാണ് ഇവിടെ ഉദ്ദേശിക്കുന്ന ഹാസ്യം

ഉടനവളെന്നെത്തടഞ്ഞു – മർത്ത്യനെ-

ത്തടയുവോളല്ലോ കിളിമൊഴിയെന്നും!

'പറവതിനിടയ്ക്കൊരു ചെറുശങ്ക-

പരിഭവിക്കൊല്ലേ! – പരിഹസിക്കുമോ? –

മുരിക്കിന്മേൽ ന്ന്നീ മഹാവിരുതന്മാർ

മുറയ്ക്കിനിച്ചക്ക മുറിക്കുമോ കാന്താ? (സഞ്ജയൻ 807)

...റം' എന്ന കവിതയിൽ ബീഗം ഹമീദലി ( ഷരീഫ് ഹമീദലി)യുടെ ...ാട് സത്യാഗ്രഹത്തിനൊരുങ്ങിയ ഭാര്യയും ഭർത്താവും തമ്മിലുള്ള സംഭാഷണമാണ്. ശയ്യാതലത്തിൽ ഉറക്കമഭിനയിച്ചുകിടക്കുന്ന ഭാര്യയും കാലേക്കൂട്ടി വിവരമറിഞ്ഞ് അനുനയത്തിനു വരുന്ന ഭർത്താവും തമ്മിലുള്ള സംഭാഷണം തികച്ചും നാടകീയമായാണ് അവതരിപ്പിക്കുന്നത്.

ഭർത്താവ് - (വിചാരം)

'കണ്ണടച്ചീടുകിൽ മീനല്ലാ- മീനെങ്കിൽ,

കണ്ണടഞ്ഞീടുകയില്ല!

നാവടക്കീടുകിൽ പെണ്ണല്ലാ – പെണ്ണെങ്കിൽ,

നാവടങ്ങീടുകയില്ല.' ( സഞ്ജയൻ 840)

ഹിറ്റ്ലരുടെ യുദ്ധസന്നാഹങ്ങളും ഗാന്ധിജി മി. ഏമറിയോടു പറഞ്ഞതെന്ത് എന്നുമൊക്കെ ഭാര്യയോട് പറയാനൊരുങ്ങുകയാണ് ഇവിടെയും ഭർത്താവ്. എന്നാൽ കേട്ടഭാവം നടിക്കാത്ത ഭാര്യ ജാനകിക്കുട്ടിക്ക് അവളുടെ ഭർത്താവ് തീർപ്പിച്ചതിനേക്കാൾ നല്ലൊരു ചെയ്ൻ നോട്ടത്തിനായി കൊണ്ടുവന്നിട്ടുണ്ട് എന്നു പറഞ്ഞപ്പോൾ സത്യാഗ്രഹണിയുടെ മട്ടുമാറി എന്നാണ് സഞ്ജയൻ വിവരിച്ചിരിക്കുന്നത്. സ്ത്രീപരിഹാസം ആദ്യകാലം മുതലേ ആക്ഷേപഹാസ്യത്തിന്റെ ഭാഗമാണ്.റോമൻകവിയായ ജൂവനൈൽ ഇതിൽ അഗ്രഗണ്യനാണ്.സഞ്ജയന്റെ ആക്ഷേപഹാസ്യകതികളിലും സ്ത്രീപരിഹാസം ഹാസ്യം ഉണ്ടാക്കാനുള്ള ഉപകരണമാകുന്നുണ്ട്.

സഞ്ജയന്റെ ആക്ഷേപഹാസ്യകൃതികളിൽ സമൂഹവും രാഷ്ട്രീയവും വ്യക്തികളുമെല്ലാം വിമർശനവിധേയമാണ്. സഞ്ജയനുമുണ്ട് നിരന്തരം വിമർശിക്കുന്ന ചില വിഷയങ്ങൾ. മിസ്റ്റിക് കവിതാസമ്പ്രദായവും ജീവൽസാഹിത്യപ്രസ്ഥാനവും കോഴിക്കോട് മുൻസിപ്പാലിറ്റിയും ഹിറ്റ്ലറും മുസ്സോളിനിയുമൊക്കെ അതിൽ വരും. ഇവയൊക്കെ ഏതെങ്കിലുമൊരു കാവ്യത്തിൽ മാത്രമല്ല വിമർശനവിധേയമാകുന്നത്. തരം കിട്ടുന്നിടത്തെല്ലാം അവ പരാമർശിക്കപ്പെടുന്നുണ്ട്. അവ ഏതെങ്കിലും കവിതകളിലെ വർണ്യമല്ല പല കവിതകളിലെയും അവർണ്യമാണ്, ഉപമേയം മാത്രമല്ല പലയിടത്തും ഉപമാനങ്ങളാണ്. മിസ്റ്റിക്ക് കവിതകളെക്കുറിച്ചുള്ള ചില പരാമർശങ്ങൾ നോക്കാം. തന്റെ മടിശ്ശീലത്തക്കുറിച്ച് വിവരിക്കുന്ന 'എന്റെ ഓമനയോട്' എന്ന കവിതയിൽ ആദ്യവാക്യം തന്നെ

'മിസ്റ്റിക്ക'ല്ലോമനയെന്നുള്ള ശോച്യമാം

വസ്തുത ഞാനാദ്യം റിക്കാട്ടാക്കാം ( സഞ്ജയൻ 822)

'മറ്റൊരു താരാട്ടി'ൽ ഭരണവ്യവസ്ഥയെ വിമർശിക്കുന്നയിടത്ത്

ആവണക്കെണ്ണക്കുഴമ്പോ മിസ്റ്റിക്ക്

കാവ്യമുള തൻ കഴമ്പോ? ( സഞ്ജയൻ 802)

'മൂട്ടയും കൊതുകും' എന്ന കവിതയിൽ വിഷയം തൊഴിലാളിപ്പാർട്ടിയോടുള്ള പ്രതിഷേധമാണ്.തൊഴിലാളിപ്പാർട്ടിനേതാവായ കൊതു ചൂഷകനായ മൂട്ടയ്ക്കെതിരെ പോരാടാൻ തൊഴിലാളിയെ പ്രേരിപ്പിക്കുന്നു. കൊതുകുസഖാവിന്റെ മൂലൽപ്രസംഗം കേട്ടുണർന്ന തൊഴിലാളി

തീപ്പെട്ടിക്കോലുരച്ചെങ്ങും മൂട്ടയെത്തേടി ശയ്യയിൽ

മൂട്ടത്തത്തെ നശിപ്പിപ്പാൻ മൂട്ടയെക്കാച്ചിപോലവൻ ( സഞ്ജയൻ 819)

ാതൊഴിലാളിയെ സൂചിപോലെ കുത്തിയ കൊതുകിനെ അബദ്ധവശാൽ )ണീറ്റുനോക്കിയപ്പോഴാണ് താൻ കൊന്നത് കൊതുകിനെയാണെന്ന് മനസ്സിലാക്കിയത്. തൊഴിലാളി ദു:ഖിതനാകുന്ന എങ്കിലും കൊതുകിന്റെ മൂളലില്ലാത്തതാൽ തൊഴിലാളി ഒരു പുഞ്ചിരി ളുകുന്നു

അതിന്റെ മിസ്റ്റിക്കർത്ഥത്തെ വ്യാഖ്യാനിപ്പാൻ പാരം പണി! ( സഞ്ജയൻ 819) എന്നാണ് സഞ്ജയൻ ഇതിനെക്കുറിച്ച് പറയുന്നത്.

എന്നാൽ മിസ്റ്റിക് കവിതയെ തന്നെ ലാക്കാക്കിയും കവിതകളുണ്ട്. മിസ്ററിക് കുട്ടാൻ,ഹാസ്യാഞ്ജലി – 9,യുവകവിയും കവിതയും, മിസ്റ്റിക്കോമന തുടങ്ങിയവ.

അപ്രതീക്ഷിതമായ ചില പ്രയോഗങ്ങൾ , സ്വാഭാവികവിവരണങ്ങൾക്കിടയിൽ പെട്ടെന്ന് നടത്തുന്ന വഴിമാറൽ ഇതോക്കെ സഞ്ജയന്റെ ആഖ്യാനസവിശേഷതകളിൽ വരുന്നുണ്ട്. ‘ഓണപ്പടവ്’ എന്ന കവിത വഞ്ചിപ്പാട്ടിന്റെ പാരഡിയാണ്.

നാട്ടിലുള്ള ചെയ്തികൾ ഞാൻ പറഞ്ഞിടാം ചിലതെല്ലാം

ബോട്ടിലുള്ള നിങ്ങൾക്കൊരു നേരംപോക്കിനായ് ( സഞ്ജയൻ 775)

ഇവിടെ തനിമലയാളമായ വഞ്ചിപ്പാട്ടിൽ വഞ്ചിയും തോണിയുമല്ലാതെ ബോട്ട് വരുന്നത് ചിരിയുണ്ടാക്കുന്നു.നേരംപോക്കിനായി തുടർന്നുപറയുന്ന കാര്യങ്ങളാകട്ടെ ഒട്ടും നേരം പോക്കല്ലാത്ത ചില ലോകവിശേഷങ്ങളാണ്. മുസ്സോളിനിയും ജീവൽസാഹിത്യപ്രസ്ഥാനവും രാവണായനമെഴുതിയ പള്ളത്തുരാമനുമെല്ലാം വഞ്ചിപ്പാട്ടിന്റെ ഈരടികളായി കലർന്നുവരുന്നു. ‘ചങ്ങലംപരണ്ടഗാന’ത്തിൽ

ഞങ്ങളുടെ ശരീരം നീ; മനസ്സു നീ;യാത്മാവു നീ,

തെങ്ങു നീ താൻ,തേങ്ങയും നീ,മാങ്ങ നീ തന്നെ ( സഞ്ജയൻ 838 )

എന്നെഴുതുമ്പോഴും ഈ ശൈലി കാണാം.

സംസ്കൃതവും മലയാളവും ഇംഗ്ലീഷും ഒക്കെ ഇടകലർന്ന ഒരു നവീനമണിപ്രവാളം ഏറ്റവും വിദഗ്ധമായി പ്രയോഗിച്ച് വിജയിപ്പിച്ചവരിൽ പ്രധാനിയാണ് സഞ്ജയൻ. മറ്റൊരു ഭാഷയിൽ നിന്ന് പദങ്ങൾ സ്വീകരിക്കുകയും എന്നാൽ വ്യാകരണകാര്യങ്ങൾ സ്വഭാഷയുടേതുമായിരിക്കുക എന്നതാണ് ഭാഷകൾ തമ്മിലുള്ള ആദാനപ്രദാനങ്ങളുടെ സ്വാഭാവികത.ഇങ്ങനെയാണ് ഭാഷയുടെ പദസമ്പത്ത് വർദ്ധിക്കുന്നത്. കൊളോണിയൽകാലഘട്ടത്തിൽ ഇംഗ്ലീഷ് ഭാഷ മലയാളത്തിൽ ചെലുത്തിയ സ്വാധീനത്തെ സഞ്ജയന്റെ രചനകൾ നന്നായി കാണിക്കുന്നുണ്ട്.

ഗ്രാന്റേ നീ വേഗമുറങ്ങാ-നൊരു

ബാന്റുസംഗീതം തുടങ്ങാം. ( സഞ്ജയൻ 786)

ബോറാക്കും,വിപ്ലവസപ്ലൈ,പീനൽക്കോഡാദിയാൽ,ഡിസ്ബോളടിച്ചു,ചീത്തപ്പറച്ചിലിന്റെ സാമ്പിൾ എന്നിങ്ങനെ ഇംഗ്ലീഷുമലയാളമണിപ്രവാളം സഞ്ജയന്റെ പദരചനാശൈലിയുടെ മുഖമുദ്രയാണ്.

പൊട്ടിച്ചിരിപ്പിക്കുന്നക്ക ചില പ്രയോഗങ്ങൾ സഞ്ജയന്റെ കവിതകളെ ഹാസ്യാത്മകമാക്കുന്നുണ്ട് . ആ പ്രയോഗരീതികൾ പിന്നീടുവന്നവർക്കു മാതൃകയായായിരുന്നു എന്നു കാണാൻ പറ്റും. വി കെ എൻ കൃതികൾ ഇത്തരം പ്രയോഗവിശേഷങ്ങൾ ഉണ്ടാക്കുന്ന ചിരി അതിന്റെ ഉച്ചസ്ഥായിയിൽ എത്തുന്നുണ്ട്. അഴിമതിക്കാരും കള്ളത്തരം കാണിക്കുന്നവരും സഞ്ജയന് ‘അമ്പലംവിഴുങ്ങികളും കുമ്പളങ്ങ കക്കുവോരു’മാണ്.’സോമൻ ചെയ്തുപോലെ ഞാനുമെന്നോമനയെപ്പോയ് കാച്ചുവാൻ’ എന്നാണ്

ം കവിതയുടെ പാരഡിയായ 'മോഹിതനി'ൽ കോമൻ എന്ന കാമുകൻ ൻ മൂപ്പരെങ്കിലോ? /ഹാ മമ ശ്രമം പാളീസ്സായെ'ന്നാണ് 'മിസ്റ്റിക് കുട്ടാൻ' വയ്ക്കുന്ന വാലിയക്കാരൻ ഗോപാലൻ ആലോചിക്കുന്നത്. 'കോ.മു വിലാപ'ത്തിൽ

അവരുടെ ജോറുമന്തസ്സും കാണുകിൽ

ഗവർണ്ണർകൂടിയും നാണിച്ചൊളിച്ചിടും

കമ്മീഷണരെന്നാൽ ഭൂപനോ ദൈവമോ

ഏഡ്ഢ്ൺഷേബിളോ ബോബിലി പാഹിമാം

.....................................................

പഴയ കംഷണർ -

പത്രാധിപർ - ആര്?

സഞ്ജയൻ - മുസ്സത് മുഷിയരുത്,കമ്മീഷണരെ വൃത്തത്തിൽ കൊള്ളിക്കുവാൻ കുറച്ചു സാഹസമുണ്ടെന്നോർക്കണം

( സഞ്ജയൻ 777)

കോഴിക്കോട് മുനിസിപ്പാലിറ്റിയെയും ഭരണകർത്താക്കളെയും കണക്കിന് കളിയാക്കുന്നതാണ് ഈ കവിത. പറച്ചിലിലെ ഈ രസികത്തം പിൽക്കാലത്ത് ഹാസ്യപ്രയോഗങ്ങളുടെ സ്വഭാവമായി മാറിയിട്ടുണ്ട്.

സഞ്ജയന്റെ ആക്ഷേപഹാസ്യകവിതകൾ ആ കാലത്തെ പ്രാദേശികവും ദേശീയവും അന്തർദേശീയവുമായ വിഷയങ്ങളെ സൂക്ഷമമായി നോക്കിക്കാണുന്നവയാണ്. ഇന്നത് വായിക്കുമ്പോൾ പല കവിതകളുടെയും പശ്ചാത്തലം എളുപ്പത്തിൽ പിടികിട്ടണമെന്നില്ല. അവ സൂക്ഷമമായ ചരിത്രപഠനം കൂടി ആവശ്യപ്പെടുന്നു. എന്നാൽ അവ കാലഹരണപ്പെട്ടു എന്നു പറയാൻ കഴിയില്ല. ആധുനികമായ ജനാധിപത്യബോധത്തിൽ നിന്ന് ഉറവയെടുത്ത അധികാരവിമർശനത്തിന്റെ ആ കവിതകൾ ആക്ഷേപഹാസ്യം എന്ന സാഹിത്യജനസ്സിനെത്തന്നെ മുന്നോട്ടുകൊണ്ടുപോയത് ആശയങ്ങളുടെ കരുത്തിനാൽ മാത്രമല്ല ആഖ്യാനത്തിന്റെ വൈവിധ്യവും വൈദഗ്ധ്യവും കൊണ്ടുകൂടിയാണ്, അങ്ങനെ മലയാളഹാസ്യപാരമ്പര്യത്തിന്റെ ഗരിമയെ വർദ്ധിപ്പിക്കുന്നതിൽ നിർണ്ണായകമായിത്തീർന്ന സഞ്ജയന്റെ ഹാസ്യകൃതികൾ. അക്കാലത്തും പിൽക്കാലത്തും ഹാസ്യം രചിക്കുന്നവർക്ക് മാർഗദർശിയാകാനും സഞ്ജയനു കഴിഞ്ഞു.

## ഗ്രന്ഥസൂചി

നായർ,എം .ആർ. സഞ്ജയൻ സമ്പൂർണ്ണകൃതികൾ.കോഴിക്കോട്: മാതൃഭൂമി ബുക്സ്,2011

പരമേശ്വരൻപിള്ള,മേക്കൊല്ല. ഹാസ്യദർശനം. കോട്ടയം:നാഷനൽ ബുക്ക് സ്റ്റാൾ,1969

രവിശങ്കർ എസ്. നായർ,ഹാസ്യത്തിന്റെ രസതന്ത്രം വി കെ എന്നിന്റെ ഹാസ്യസാഹിത്യം. തിരുവനന്തപുരം:കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്,2011

[illegible] പഠനങ്ങൾ, [illegible]. തിരുവനന്തപുരം:കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്,2004

[illegible]നിരൂപണം. തിരുവനന്തപുരം:കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്,2002

സർദാർകുട്ടി,ഇ. സഞ്ജയനും സഞ്ജയസാഹിത്യവും. തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി,1998

രാജേന്ദ്രൻ,സി. പാഠവും പൊരുളും. ശുകപുരം:വള്ളത്തോൾ വിദ്യാപീഠം,2014

വിശ്വം,നിത്യ പി. പാരഡി മലയാളകവിതയിൽ. ശുകപുരം:വള്ളത്തോൾ വിദ്യാപീഠം,2019

Sutherland,James.English Satire.London:Cambridge At The University Press,1962

Kumar,Prabhath. Satire,Modernity,Transculturality in late Nineteenth and early Twentieth Century North India (Dissertation).Heidelberg University,2018, heiDok. 8 August 2021.http://www.ub.uni-heidelberg.de/archive/25328